പ്രതികരണം

# നവോത്ഥാനം ഒരു വിഭാഗത്തിനു മാത്രം അവകാശപ്പെട്ടതല്ല

**കെ.വി.ഒ അബ്ദുർറഹ്മാൻ പറവണ്ണ**

‘**കേരള** മുസ്‌ലിം നവോത്ഥാനത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പങ്ക്’ എന്ന ശീർഷകത്തിൽ വന്ന ടി.കെയുടെ പ്രഭാഷണം (ലക്കം 5) വായിച്ചു. ചില കാര്യങ്ങളിൽ വിയോജിപ്പുണ്ട്. അനുബന്ധമായി ചിലതു കുറിക്കുന്നു. ആരോഗ്യകരമായ സംവാദത്തെ പ്രോത്സാഹിപ്പിക്കാമെന്നും പദക്കസർത്തുകൊണ്ട് തർക്കശാസ്ത്ര പാടവം തെളിയിക്കാനുള്ള വേദിയാക്കി അതിനെ മാറ്റുന്നത് ഭൂഷണമല്ലെന്നും പ്രസ്താവിച്ചു കണ്ടു. അത് ശരിയാണ്. ഒരിക്കൽ ഉത്പതിഷ്ണു പക്ഷത്തുള്ള ഒരു പണ്ഡിതൻ സുന്നി വിഭാഗവുമായുള്ള ഖണ്ഡന പ്രസംഗത്തിൽ മറുപക്ഷത്തെ പണ്ഡിതനോട് ചോദിച്ചു: ‘പണ്ഡിതനായ താങ്കൾക്ക് ഇങ്ങനെയൊക്കെപറയാമോ?’ ഉടനെ ഉത്തരം വന്നു: ‘ഞാൻ പണ്ഡിതനാണെന്ന് താങ്കൾ സമ്മതിച്ചു. ഇനി ഇങ്ങനെയൊക്കെ പറയാമോ എന്നത് മറ്റൊരിക്കൽ ചർച്ച ചെയ്യാം.’ മുജാഹിദ് വിഭാഗവും സുന്നികളും തമ്മിൽ ‘ഇസ്തിഗാസ’ വിഷയം പരാമർശിക്കവെ മർഹൂം എ. അലവി മൗലവി (എടവണ്ണ) പറഞ്ഞു: ‘നാം ചർച്ച ചെയ്യുന്ന വിഷയത്തിന് രണ്ടു മുഖമുണ്ട്.’ ഉടനെ മറുഭാഗത്തുനിന്ന് മറുപടി: ‘നാം ചർച്ച ചെയ്യുന്നത് മുഖത്തിന്റെ കാര്യമല്ല, ഇസ്തിഗാസയുടെ കാര്യമാണ്. വിഷയം മാറ്റരുത് മൗലവീ....’ ഇതു കേട്ടമാത്രയിൽ ‘അല്ലാഹു അക്ബർ’ എന്ന തക്ബീർകൊണ്ട് അന്തരീക്ഷം മുഖരിതമായി. ഇതാണ് വാദപ്രതിവാദത്തിന്റെ ഒരു ശൈലി. അതുകൊണ്ട് തന്നെയായിരിക്കണം വാദപ്രതിവാദം ഇബ്‌ലീസിന്റെ സൃഷ്ടിയാണെന്ന് ടി.കെ പറഞ്ഞത്.

മുസ്‌ലിം നവോത്ഥാന പ്രവർത്തനത്തിൽ വലിയ പങ്ക് ജമാഅത്തിനാണെന്ന് ടി.കെ അവകാശപ്പെടുന്നു. അത് ശരിയല്ല. ജമാഅത്ത് കേരളത്തിൽ രൂപംകൊള്ളുന്നതിനു മുമ്പുതന്നെ മുസ്‌ലിം ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങൾ പരിമിതമായ തോതിലെങ്കിലും കേരളത്തിലുണ്ടായിരുന്നു. അതിന്റെ തണലിലാണ് ജമാഅത്ത് പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. ചുരുക്കത്തിൽ സലഫി പ്രസ്ഥാനം നിലം ഉഴുതി ശരിപ്പെടുത്തി, അതിൽ ജമാഅത്ത് വിത്ത് പാകി എന്ന് സാരം. അതേയവസരം സോഷ്യലിസം, ജനാധിപത്യം, കമ്യൂണിസം തുടങ്ങിയവയെ ഇസ്‌ലാമീകരിക്കാനുള്ള പ്രവണതയെ ജമാഅത്ത് ശക്തിയുക്തം ചെറുത്തു തോൽപിച്ചിട്ടുണ്ട്. ഇസ്‌ലാമിന്റെ രാഷ്ട്രീയ വ്യവസ്ഥ വളരെ വ്യവസ്ഥാപിതമായി തന്നെ ജമാഅത്ത് സാഹിത്യങ്ങളിൽ വിശദീകരിച്ചിട്ടുണ്ട് (ചില വിഷയങ്ങളിൽ വിയോജിപ്പ് ഉണ്ടെങ്കിലും). അതിന്റെ വ്യക്തമായ തെളിവാണ് ഉലുൽ അംറിനെപറ്റി സി. എൻ അഹ്മദ് മൗലവി എഴുതിയ ലേഖനങ്ങൾ സമാഹരിച്ച് കോഴിക്കോട് ജമാഅത്തെ ഇസ്‌ലാമി ശാഖ പ്രസിദ്ധീകരിച്ച ‘ഉലുൽഅംറ്’ എന്ന ലഘുലേഖ. മറ്റൊന്ന്, ജമാഅത്ത് നേതാവ് മസ്ഊദ് ആലം നദ്‌വി ഉറുദുവിൽ രചിച്ച ഒരു കൃതി മലയാളത്തിലേക്ക് കെ.സി അബ്ദുല്ല മൗലവി വിവർത്തം ചെയ്തതും കേരള ജംഇയ്യത്തുൽ ഉലമ പ്രസിദ്ധീകരിച്ചതുമായ *ഇസ്‌ലാമും സോഷ്യലിസവും* എന്ന പുസ്തകമാണ്.

മരം നടൽ പദ്ധതി, ജമാഅത്തിനെ അനുകരിക്കുകയാണെന്ന് സൂചിപ്പിച്ചു കണ്ടു. യഥാർഥത്തിൽ തൗഹീദ് പ്രബോധനം നിർത്തിവെക്കാതെ തന്നെ, കാലിക വിഷയങ്ങളും കണക്കിലെടുത്തുകൊണ്ടാവണം എന്ന് പറഞ്ഞതിന്റെ പേരിൽ മരം നടൽ വാരത്തെ പരിഹസിച്ചുകൊണ്ട് മറുവിഭാഗം മരുന്ന് വേണോ-മരുന്ന്, പാലം വേണോ-പാലം, മരം വേണോ-മരം എന്ന് പറഞ്ഞുകൊണ്ട് പ്രബോധനം നടത്തിയ ഒരു പ്രവാചകനും വന്നിട്ടില്ലെന്ന് പറഞ്ഞ് നടന്നിരുന്നു. അപ്പോൾ ശുഐബ് നബിയും ലൂത്വ് നബിയും കാലിക പ്രശ്നങ്ങൾ തൗഹീദിനോടൊപ്പം കൈകാര്യം ചെയ്തതോ?

ചില തമാശകൾ കൂടി പങ്കു വെക്കട്ടെ. പ്രബോധനം എന്ന പേരിൽ ഒരു പ്രതിപക്ഷ പത്രം (ദ്വൈവാരിക) ആരംഭിച്ച കാലത്ത് മർഹൂം പതിമുസ്‌ലിയാർ പറഞ്ഞു: “മൗദൂദികൾക്ക് സമ്പത്തിനോടാണ് കമ്പം. നോക്കൂ, അവരുടെ പത്രത്തിന്റെ പേര് ‘പ്രഭോ’, ‘ധനം’ എന്നാണ്.” അതിന് മർഹൂം വി.പി മുഹമ്മദലി സാഹിബ് പറഞ്ഞ മറുപടി രസാവഹമാണ്: “*ബ* എന്ന അക്ഷരത്തെ സൂത്രത്തിൽ *ഭ* ആക്കി മാറ്റി. മലയാളികളുടെ മുന്നിൽ വെച്ച് തന്നെ ഇത്തരം കൃത്രിമങ്ങൾ ചെയ്യുന്നവർ, അറബിയറിയാത്ത മലയാളികളുടെ മുന്നിൽവെച്ച് എങ്ങനെ കൃത്രിമം ചെയ്യാതിരിക്കും!” പതി വീണ്ടും: “മീർസാ ഗുലാം അഹ്മദ് ഖാദിയാനി ജനിച്ച പഞ്ചാബിൽ തന്നെയാണ് മൗലാനാ മൗദൂദിയും ജനിച്ചത്.” അതിന് ഉരുളക്ക് ഉപ്പേരിയായി ഹാജി സാഹിബ്: “അബൂജഹൽ ജനിച്ച മക്കയിൽ തന്നെയാണ് മുഹമ്മദ് നബി(സ)യും ജനിച്ചത്.” ■